LIBRARY ARCHIVES Kerala Legislative Assembly

പരിഗ്ണനയ്ക്ക് വരുമ്പോൾ ബാർ ഉടമകൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കാമെന്നും പറഞ്ഞതായും ശ്രീ. ബിജു രമേശ് തിരുവനന്തപുരം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ സി.ആർ.പി.സി, 164 പ്രകാരം നല്കിയ മൊഴിയിൽ ആരോപിക്കുകയും 2013 മേയ് മാസത്തിൽ ശ്രീ. ബിജു രമേശ് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ സെക്രട്ടറിക്ക് 50 ലക്ഷം രൂപ മന്ത്രിയുടെ നിർദ്ദേശപ്രകാരം നൽകിയതായും 2012-ൽ ബാർ ലൈസൻസ് കൂട്ടതിരിക്കാനായി കെ.ബി.എച്ച്.എ. മൂന്ന് കോടി രൂപ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന് കൊടുത്തതായും അന്വേഷണ വേളയിൽ പുതിയ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു.

(ബി) ബഹു.മജിസ്ട്രേറ്റ് കോടതി മുൻപാകെ ശ്രീ. ബിജു രമേശിന്റെ Cr.Pc 164 മൊഴി പ്രകാരവും പ്രാഥമിക അന്വേഷണ സമയത്ത് ഉദ്യോഗസ്ഥന്റെ മുൻപിൽ ഉന്നയിച്ച ആരോപണങ്ങളുടെ മേലിലും പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കുറ്റാരോപണങ്ങളുടെ സ്വഭാവമനുസരിച്ച് അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചാണ് പരാതികളിൻമേൽ അന്വേഷണം നടത്താറുള്ളത്.

(ഡി&ഇ) ലളിതകുമാരി Vs State of UP കേസിലെ സുപ്രീം കോടതി വിധിയുടെ വ്യവസ്ഥകൾ പാലിച്ചാണ് ടി അന്വേഷണം നടത്തിയത്.

സ്കൂൾ പാഠപുസ്തക അച്ചടിയിലുണ്ടായ വീഴ്ച

303 (313) ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ പാഠപുസ്തകങ്ങളുടെയും ഹാന്റ് ബുക്കുകളുടെയും പ്രിന്റിംഗുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളേയും കൊടുകാര്യസ്ഥതകളേയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണഫലം വെളിപ്പെടുത്തുമോ ;

(ബി) പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് ഓർഡർ നല്കുന്നതിലുണ്ടായ വീഴ്ചകളും ടെണ്ടർ ചെയ്തതിലെ ക്രമക്കേടുകളും നഷ്ടങ്ങളും എല്ലാം സംബന്ധിച്ച് പുറത്തുവന്ന വിവരങ്ങളുടെയടിസ്ഥാനത്തിൽ സ്വമേധയാ വിജിലൻസ് അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(സി) ഭരണവകുപ്പിൽ നിന്നും ഇക്കാര്യത്തിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നുവോ ?

ഉത്തരം

(എ) പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. 2015-16 വർഷം I മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയിൽനിന്നും സർക്കാർ പ്രസ്സുകളെ ഒഴിവാക്കി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുന്നതുവഴി സർക്കാരിന് കോടികളുടെ നഷ്ടം വന്നു എന്നാരോപിച്ചുകൊണ്ട് ശ്രീ. എസ്. കണ്ണൻ സമർപ്പിച്ച പരാതിയിൽ കൃ.വി 10/15/എസ്.ഐ.യു II നമ്പരായി ഒരു സത്വരാന്വേഷണം നടന്നു വരുന്നു.

2. 2015-16-ൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് കർണ്ണാടകയിലെ സ്വകാര്യ പ്രസ്സിനെ ഏൽപ്പിച്ചതിൽ ക്രമക്കേടുണ്ടെന്ന് ആരോപിച്ചുകൊണ്ട് സി-ആപ്പ് ജീവനക്കാർ നൽകിയ പരാതികൾ കൃ.വി.11/15/എസ്.ഐ.യു. I നമ്പരായി ഒരു സത്വരാന്വേഷണം നടത്തി. അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് വിജിലൻസ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനയിലാണ്.

3. അദ്ധ്യാപക പുസ്തക അച്ചടികരാർ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവരെ ഒഴിവാക്കി മണിപ്പാൽ പ്രസ്സിന് സി-ആപ്പ് കരാർ നൽകിയതിൽ ക്രമക്കേടുണ്ടെന്ന് 20-7-2015-ൽ മംഗളം ദിനപത്രത്തിൽവന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കൃ.വി.18/15/എസ്.ഐ.യു I നമ്പരായി ഒരു സത്വരാന്വേഷണം നടത്തി. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)2270/15 നമ്പരായി ഒരു റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതിനാൽ ഈ സത്വരാന്വേഷണത്തിൽ തുടർനടപടി എടുത്തിട്ടില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നുണ്ട്.

(സി) ഉന്നയിച്ചിരുന്നു. അതനുസരിച്ച് പാഠപുസ്തകങ്ങൾ അച്ചടിക്കാൻ കരാർ നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്താൻ 21-8-2015-ലെ 10546/ബി1/15/വിജി നമ്പർ കത്തുപ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം കൃ.വി.11/15/എസ്.ഐ.യു I നമ്പർ സത്വരാന്വേഷണത്തിൽ ഉൾപ്പെടുത്തി അന്വേഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly